കുട്ടികൾ/സ്ത്രീകൾ/വൃദ്ധർക്കെതിരെയുണ്ടായ കുറ്റകൃത്യങ്ങൾ

116 (1821) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും ക്രൈം റിക്കാർഡ്സ് ബ്യൂറോ കണക്കുപ്രകാരം എത്ര കുട്ടികൾ/സ്ത്രീകൾ/വൃദ്ധർ/കുടുംബങ്ങൾ എന്നിവർ പീഡനം, മോഷണം, വധശ്രമം, കൊലപാതകം എന്നിവയ്ക്ക് ഇരകളായി ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കാലയളവിൽ ഇത്തരം ക്രൂരകൃത്യങ്ങൾക്ക് ഇരകളായവരുടെ കേസുകളിൽ എത്രയെണ്ണത്തിൽ പ്രതികളെ പിടികൂടി ; എത്ര കേസുകളിൽ പ്രതികളെ പിടികൂടാനുണ്ട് ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കേസുകളിൽ പ്രതികളായവരിൽ അന്യസംസ്ഥാന തൊഴിലാളികൾ ആരെല്ലാം ; പോലീസ്/സർക്കാർ ഉദ്യോഗസ്ഥർ ആരെല്ലാം ; മറ്റ് പ്രതികൾ ആരെല്ലാം ; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(ഡി) 2011-12 മുതൽ ഓരോ വർഷവും മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്കുള്ള കുട്ടികളുടെ കടത്ത് വർദ്ധിച്ചു വരുന്നതു പരിശോധിച്ചുവോ ; എങ്കിൽ എന്ത് ആവശ്യങ്ങൾക്കാണ് കുട്ടികളെ കടത്തിക്കൊണ്ടു വരുന്നതെന്നും ഇതു തടയാൻ എന്ത് നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2011 മുതൽ 2015 മേയ് 31 വരെ കുട്ടികൾ/സ്ത്രീകൾ/വൃദ്ധർ/കുടുംബങ്ങൾ എന്നിവർക്കെതിരെ പീഡനം, മോഷണം, വധശ്രമം, കൊലപാതകം എന്നിവയുടെ വർഷം തിരിച്ചുള്ള എണ്ണം ജില്ല തിരിച്ച് അനുബന്ധം-എ ആയി ചേർത്തിരിക്കുന്നു.*

(ബി) ഈ കാലയളവിൽ ഇത്തരം ക്രൂരകൃത്യങ്ങൾക്ക് ഇരകളായവരുടെ കേസ്സുകളിൽ 54783 പ്രതികളെ പിടികൂടി. 6260 പ്രതികളെ ഇനി പിടികൂടാനുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം -ബി ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത കേസുകളിൽ പ്രതികളായവരിൽ അന്യസംസ്ഥാന തൊഴിലാളികൾ, പോലീസ്/സർക്കാർ ഉദ്യോഗസ്ഥർ, മറ്റു പ്രതികൾ എന്നിവരുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം -സി ആയി ചേർത്തിരിക്കുന്നു.*

(ഡി) 2011 മുതൽ 2014 വരെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്കുള്ള കുട്ടികളുടെ കടത്തിനെ സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു :

ജില്ല	2011	2012	2013	2014
എറണാകുളം റൂറൽ	...	...	1	...
വയനാട്	1	2	...	1
റെയിൽവേ	2	...	...	...

2011 മുതൽ 2014 വരെയുള്ള ഓരോ വർഷത്തെയും കണക്കുകൾ പരിശോധിച്ചതിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്കുള്ള കുട്ടികളുടെ കടത്ത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം കറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

രജിസ്റ്റർ ചെയ്ത ക്രൈം കേസുകൾ

117 (1822) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ക്രൈം കേസുകൾ എത്രയാണെന്ന് വർഷം തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ സ്ത്രീപീഡനം, സ്ത്രീധന പീഡനം, സ്ത്രീകൾക്കെതിരെയുള്ള അക്രമം, ബലാൽസംഗം, സ്ത്രീകളെ തട്ടിക്കൊണ്ടു പോകൽ എന്നീ വിഭാഗങ്ങളിൽ എത്ര കേസുകൾ വീതം രജിസ്റ്റർ ചെയ്തെന്ന് വർഷം തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ക്രൈം കേസുകൾ എത്രയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് അനുബന്ധം - എ ആയി ചേർക്കുന്നു.*

*. ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly